**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1819** **15-03-2022 - ൽ മറുപടിയ്ക്ക്**

**എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ് | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സിയുടെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മൂലം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിന് കഴിയുന്നില്ല. സാമ്പത്തിക സ്ഥിതി പുരോഗമിക്കുന്നതിനനുസരിച്ച് ഡിപ്പോ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ഡിപ്പോയിലെ മെക്കാനിക്കുകളെ തിരുവല്ലയിലേക്ക് മാറ്റിയ നടപടി പുനപരിശോധിക്കുമോ; വിശദമാക്കുമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക് ഷോപ്പുകൾ 5 എണ്ണവും, ജില്ലാ / സബ് ജില്ലാ വർക്ക് ഷോപ്പുകൾ 22 എണ്ണവും, ഡിപ്പോ / സബ് ഡിപ്പോ വർക്ക് ഷോപ്പുകളുമാണുള്ളത്. സെൻട്രൽ / റീജിയണൽ വർക്ക് ഷോപ്പുകളിൽ ടയർ റിടെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ ജോലികളുമാണ് നിർവ്വഹിക്കുന്നത്. ജില്ലാ / ബസ് ജില്ലാ വർക്ക്ഷോപ്പ കളിൽ സി.എഫ്. വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയിസ്.മെന്റ്, പീരിയോഡിക് മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) എന്നിവയാണ് നിർവ്വഹി ക്കുന്നത്. ഡിപ്പോ / സബ് ഡിപ്പോ വർക്ക് ഷോപ്പ കളിൽ പ്രതിദിന/ പ്രതിവാര ജോലികളും, ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളും മാത്രമാണ് നിർവ്വഹി ക്കുന്നത്. മേൽ പ്രതിപാദിച്ചതിന്റെ അടിസ്ഥാനത്തിലാണ് മെക്കാനിക്കൽ വിഭാഗം ജീവനക്കാരെ പുനർവിന്യസിച്ചത്. എടത്വ ഓപ്പറേറ്റിംഗ് സെന്ററിലും മേൽപ്പറഞ്ഞ പ്രകാരമുള്ള ക്രമീകരണം ഏർപ്പെടുത്തയിട്ടുണ്ട് |
| (സി) | ഇവിടെ നിന്നും റദ്ദുചെയ്ത സ്റ്റേ സർവീസുകൾ പുനരാരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | 2019 ഡിസംബർ മാസം വരെ ഓപ്പറേറ്റ് ചെയ്തിരുന്ന പ്രവർത്തന ചെലവ് ലാഭകരമായ സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിർദ്ദേശം യൂണിറ്റുകൾക്ക് |

| | | | |
|---|---|---|---|
| | | | നൽകിയിട്ടുണ്ട്. എന്നാൽ പ്രവർത്തന ചെലവ് പോലും ലഭിക്കാത്ത സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് നിലവിലെ സാമ്പത്തിക സ്ഥിതിയിൽ കഴിയാത്തതിനാൽ, അത്തരം സർവ്വീസുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പുതിയതായി ആരംഭിച്ച. ഗ്രാമവണ്ടി പദ്ധതിയിൽ ഉൾപ്പെടുത്തി ഓപ്പറേറ്റ് ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ